**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1268** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഫാം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഫാം ടൂറിസം പദ്ധതി പരിപോഷിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും, പ്രസ്തുത പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ ‘ കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്’ എന്ന പദ്ധതി ലോഞ്ച് ചെയ്തിട്ടുണ്ട്. അഞ്ചു വിഭാഗങ്ങളിലായാണ് യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നത്. കാറ്റഗറി 1- പുരയിടത്തിലെ കൃഷി - 25 സെന്റ് വരെ (ടെറസ് ഗാർഡനുകൾ ഉൾപ്പെടെ) - കാർഷിക ഉൽപ്പന്നങ്ങളുടെ വിൽപ്പന ശൃംഖലയിൽ ഉൾപ്പെടുത്തും കാറ്റഗറി 2- ഫാം വിസിറ്റ് യൂണിറ്റുകൾ- 25 സെന്റ് മുതൽ 1 ഏക്കർ വരെ- ഉൽപ്പന്ന വിൽപ്പനയ്ക്കും ഫാം സന്ദർശനത്തിനുമായി നെറ്റ്‌വർക്കിൽ ഉൾപ്പെടുത്തും. കാറ്റഗറി 3- ഫാം ആക്ടിവിറ്റി സെന്ററുകൾ- 1 ഏക്കർ മുതൽ 10 ഏക്കർ വരെ- വിവിധ കൃഷി സംബന്ധമായ പ്രവർത്തനങ്ങൾ, മിയാവാക്കി വനങ്ങൾ, ഫാം റെസ്റ്റോറന്റുകൾ, ഉൽപ്പന്ന വിൽപ്പന ഔട്ട് ലെറ്റ്, മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾ തുടങ്ങിയവ. കാറ്റഗറി 4- ഫാം സ്റ്റേകൾ - താമസ സൗകര്യവും ഹോംസ്റ്റേ/ഗൃഹസ്ഥലി/സർവീസ്ഡ് വില്ലകൾ/ ടെന്റ് അക്കോമഡേഷൻ യൂണിറ്റുകൾ എന്നിവയിൽ ഏതിലെങ്കിലും ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ/ തദ്ദേശ സ്വയം ഭരണ സ്ഥാപന ലൈസൻസ് ഉള്ള ഫാമിംഗ് യൂണിറ്റുകൾ ഈ വിഭാഗത്തിൽ വരുന്നു. കാറ്റഗറി 5- ഫാം ടൂറിസം സെന്റർ- 10 ഏക്കർ മുതൽ 50 ഏക്കർ വരെ - ഗ്രീൻ ഫാംസ് കേരള നിയമങ്ങൾ പ്രകാരമുള്ള യൂണിറ്റുകൾ. പദ്ധതിയുടെ ഭാഗമാകുവാൻ താല്പ്പര്യമുള്ളവരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുകയും 952 പേർ 2 ഘട്ടങ്ങളിലായി പരിശീലനം പൂർത്തിയാക്കുകയും ചെയ്തുകഴിഞ്ഞു. 452 യൂണിറ്റുകൾ ആരംഭിക്കുന്നതിന് സന്നദ്ധത അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | യൂണിറ്റുകളുടെ ഫീൽഡ് തല പരിശോധന നടന്നു വരുന്നു. |
| (ബി) | പാലക്കാട് ജില്ലയിലെ സാംസ്കാരിക ഭക്ഷണ വൈവിധ്യങ്ങൾ ആഭ്യന്തര, വിദേശ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിനും അത്തരത്തിലുള്ള ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന 'എക്സ്പീരിയൻസ് എത്തിക്/ ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക്' എന്ന പദ്ധതി പാലക്കാട് ജില്ലയിലും നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കൂടുതൽ ഊർജ്ജസ്വലമായി ജില്ലയിൽ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ തൃത്താല, പട്ടിത്തറ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന സ്ട്രീറ്റ് പദ്ധതിയും ജില്ലയിലെ സാംസ്കാരിക ഭക്ഷണ വൈവിധ്യങ്ങൾ ആഭ്യന്തര, വിദേശ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിനു സഹായകരമായിരിക്കും. കൾച്ചറൽ സ്ട്രീറ്റ്, ഭക്ഷണ സ്ട്രീറ്റ്/ ക്യുസീൻ സ്ട്രീറ്റ് എന്നിവ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ